പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ; 2603

01-04-2013 ൽ
മറു പടിയ്ക്ക്

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. എ.പി. അനിൽകുമാർ ( പട്ടികജാതി- പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം (റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട്) പദ്ധതിയുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുളളത്: | എ) ഈ സർക്കാർ അധികാരമേറ്റശേഷം ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട്, ആദ്യഘട്ടത്തിൽ പ്രവർത്തനം നടത്തിയിരുന്ന കുമരകം, തേക്കടി,കോവളം, വൈത്തിരി എന്നിവിടങ്ങളിൽ കൂടാതെ കുമ്പളങ്ങി, ബേക്കൽ, അമ്പലവയൽ എന്നിവിടങ്ങളിൽകൂടി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ആദ്യഘട്ടപ്രവർത്തനങ്ങൾ ആരംഭിച്ച ഡെസ്റ്റിനേഷനുകളിലെ സംഭരണ - വിപണന സംവിധാനം കാര്യക്ഷമമാകുകയും, പുതിയ ഹോട്ടലുകളിലേക്കും റിസോർട്ടുകളിലേക്കും വിപണനം വ്യാപിപ്പിക്കുകയും ചെയ്തു. 6 ഡെസ്റ്റിനേഷനുകളിൽ വില്ലേജ്, ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ രൂപപ്പെടുത്തി. വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകൾ തദ്ദേശീയർക്കായി ആരംഭിച്ചു. എല്ലാ ഡെസ്റ്റിനേഷനുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ടൂറിസത്തിന്റെ മുഖ്യധാരാ പ്രവർത്തകരാക്കി മാറ്റി. UNWTO യുടെ അടക്കം പ്രശംസ പിടിച്ചുപറ്റുന്ന രീതിയിൽ പ്രവർത്തനം ശക്തമാക്കി. 7 ഡെസ്റ്റിനേഷനുകളിലും പദ്ധതി പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കാൻ ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുളള വിദ്യാഭ്യാസ സ്ഥാപനമായ കിറ്റ്സ് - നെ ചുമതലപ്പെടുത്തി. 2013 ജൂൺ 27 -29 വരെ കുമരകത്ത് വച്ച് ഉത്തരവാദിത്ത ടൂറിസം അന്തർദേശീയ സെമിനാർ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സെമിനാറിൽ വച്ച് കുമരകത്തെ ലോകത്തെ ആദ്യ മാതൃകാ ഉത്തരവാദിത്ത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുളള നടപടികൾ കൈക്കൊണ്ടുവരുന്നു. |

| | | | |
|---|---|---|---|
| ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉദ്യോഗസ്ഥരാണ് വിദേശയാത്ര നടത്തിയിട്ടുള്ളതെന്നും അവരുടെ സന്ദർശനം കൊണ്ട് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | ബി) | ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ കിറ്റ്സിന്റെ ഡയറക്ടർ ഡോ. രാജശ്രീ. അജിത് ആണ് പദ്ധതിയുമായി ബന്ധപ്പെട്ട് വിദേശയാത്ര നടത്തിയിട്ടുള്ളത്. 2013 ജൂണിൽ കുമരകത്ത് നടക്കുന്ന അന്താരാഷ്ട്ര സമ്മേളനം, സമ്മർ സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര ഏജൻസികളുമായി ചേർന്ന് കോമൺവെൽത്ത് സ്കോളർഷിപ്പോടുകൂടി കിറ്റ്സിൽ MSc Responsible Tourism കോഴ്സ് ആരംഭിക്കുന്നതിനുള്ള ചർച്ചകൾക്കുമായി നവംബറിൽ യു.കെ. യിൽ നടന്ന വേൾഡ് ട്രാവൽ മാർട്ട് - 2012 - ൽ ആണ് ആദ്യയാത്ര നടത്തിയത്. ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ അന്താരാഷ്ട്ര തലത്തിൽ വിപണനം ചെയ്യുന്നതിനും, ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സമ്മേളനവും, സമ്മർ സ്കൂളും അന്താരാഷ്ട്ര സ്കൂളിന് മുന്നിൽ അവതരിപ്പിക്കുന്നതിനും പ്രധാന വ്യക്തികളെ സമ്മേളനത്തിന് ക്ഷണിക്കുന്നതിനു മായി ബർലിനിൽ വച്ച് നടന്ന ITB-2013 മേളയിലും പങ്കെടുക്കുകയുണ്ടായി. ഈ വിദേശയാത്രകൾ കൊണ്ട് കേരളത്തിൽ നടപ്പിലാക്കിവരുന്ന ഉത്തരവാദിത്ത ടൂറിസം, അന്താരാഷ്ട്ര ടൂറിസം വിപണിയിലെത്തി ക്കുന്നതിനും 2013 ജൂണിൽ നടക്കുന്ന അന്തർദേശീയ സമ്മേളനത്തിൽ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനും കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ